# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3734 — 20-07-2015 ൽ മറുപടിക്ക്

## സ്കൂൾ പി.റ്റി.എ തെരഞ്ഞെടുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ പി.റ്റി.എ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചട്ടം നിലവിലുണ്ടോ ; എങ്കിൽ ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു |
| (ബി) പ്രസ്തുത ചട്ടപ്രകാരമാണോ പി.റ്റി.എ തെരഞ്ഞെടുപ്പ് നടക്കുന്നത്; ചട്ടത്തിൽ ഇളവ് നൽകാൻ അധികാരമുണ്ടോ; | അതെ. ചട്ടത്തിൽ ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ട്. |
| (സി) മലപ്പുറം ജില്ലയിലെ പുല്ലാന്നൂർ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പി.റ്റി.എ പ്രസിഡന്റ് തെരഞ്ഞെടുപ്പ് ചട്ടപ്രകാരമാണോ നടന്നത്; ഇതുസംബന്ധിച്ച് സർക്കാരിന് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പരാതി ലഭിച്ചത്; പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | അതെ. ഉണ്ട്. 17.11.2014, 09.01.2015 തീയതികളിലായി രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പുല്ലാന്നൂർ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപക-രക്ഷാകർതൃ സമിതി പ്രസിഡന്റായി ശ്രീ.കൈതക്കോടൻ മൻസൂർ എന്ന വ്യക്തിയെ തെരഞ്ഞെടുത്ത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.എൻ.എം.അലിക്കുട്ടി, ശ്രീ.ഷഫീക്ക്.കെ.പി എന്നിവർ ബഹു. കേരള ഹൈക്കോടതിയിൽ WP(C)34084/14 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹു. കോടതിയുടെ വിധിന്യായ പ്രകാരം സർക്കാർ ടി പരാതി വിശദമായി പരിശോധിച്ചു. അദ്ധ്യാപക-രക്ഷാകർതൃ സമിതിയെ സംബന്ധിച്ചിടത്തോളം, രക്ഷാകർത്താവിന് മാതാപിതാക്കൾക്കുള്ള എല്ലാ അധികാരങ്ങളും അവകാശങ്ങളും ഉണ്ടെന്നതിനാൽ ടി സ്കൂളിലെ വിദ്യാർത്ഥിനിയായ കുമാരി.ഫാത്തിമ ഫിദ.കെ-യുടെ രക്ഷിതാവായ ശ്രീ.കൈതക്കോടൻ മുഹമ്മദ് മൻസൂറിന്റെ തെരഞ്ഞെടുപ്പ് സാധുവാണെന്ന് കണ്ടെത്തുകയും മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് മരവിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. |

| | | |
|---|---|---|
| (ഡി) | ചട്ടമനുസരിച്ച് ലോക്കൽ ഗാർഡിയന്റെ നിർവ്വചനമെന്താണ്; ലോക്കൽ ഗാർഡിയന് പി.റ്റി.എ പ്രസിഡന്റ് ആകാൻ ചട്ടം അനുശാസിക്കുന്നുണ്ടോ? | പി.റ്റി.എ രൂപീകരണവും അതിന്റെ പ്രവർത്തന സമിതിയും സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ലോക്കൽ ഗാർഡിയൻ എന്ന പദം ഉപയോഗിച്ചിട്ടില്ല. രക്ഷിതാവ് എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയെ സംബന്ധിച്ചിടത്തോളം ഒരു വിദ്യാർത്ഥിയുടെ രക്ഷിതാവിന് ടി വിദ്യാർത്ഥിയുടെ മാതാപിതാക്കളുടെ എല്ലാ അധികാരങ്ങളും അവകാശങ്ങളും ഉള്ളതിനാൽ രക്ഷിതാവിന് പി.റ്റി.എ പ്രസിഡന്റാകുന്നതിൽ നിയമ തടസ്സമില്ല. |

സെക്ഷൻ ഓഫീസർ